ഖുത്വ്ബ നമ്പർ

**11**

**15-03-2013**

بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

# സ്ഥിരമായി പ്രാർഥനയിൽ മുഴുകുക. വിപ്ലവം വിദൂരമല്ല

قَالُوْا رَبَّنَا غَلَبَتْ عَلَيْنَا شِقْوَتُنَا وَكُنَّا قَوْمًا ضَآلِّيْنَ ﴿۱۰۷﴾
رَبَّنَآ اَخْرِجْنَا مِنْهَا فَاِنْ عُدْنَا فَاِنَّا ظٰلِمُوْنَ ﴿۱۰۸﴾
قَالَ اخْسَـُٔوْا فِيْهَا وَلَا تُكَلِّمُوْنِ ﴿۱۰۹﴾ اِنَّهٗ كَانَ فَرِيْقٌ
مِّنْ عِبَادِيْ يَقُوْلُوْنَ رَبَّنَآ اٰمَنَّا فَاغْفِرْ لَنَا وَارْحَمْنَا
وَاَنْتَ خَيْرُ الرّٰحِمِيْنَ ﴿۱۱۰﴾ فَاتَّخَذْتُمُوْهُمْ سِخْرِيًّا حَتّٰٓى
اَنْسَوْكُمْ ذِكْرِيْ وَكُنْتُمْ مِّنْهُمْ تَضْحَكُوْنَ ﴿۱۱۱﴾ اِنِّيْ
جَزَيْتُهُمُ الْيَوْمَ بِمَا صَبَرُوْٓا اَنَّهُمْ هُمُ الْفَآئِزُوْنَ ﴿۱۱۲﴾

കഴിഞ്ഞ ഖുത്വുബയുടെ പ്രാരംഭത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഉദ്ധരണിയുടെ വെളിച്ചത്തിൽ ദു:ആ എന്താണെന്നും ദു:ആ മുഖേന എങ്ങനെ സംതൃപ്തിയും ആശ്വാസവും ലഭിക്കുന്നു എന്നും ദു:ആയുടെ ഫിലോസഫി എന്താണെന്നും എങ്ങനെ ദു:ആ ചെയ്യണമെന്നുമെല്ലാം പറഞ്ഞിരുന്നു. ദു:ആ ചെയ്യുമ്പോൾ ഒരു വിശ്വാസി സ്വീകരിക്കേണ്ട മാനദണ്ഢങ്ങൾ എന്തെല്ലാമാണെന്നും വിവരിച്ചിരുന്നു. ദു:ആയുടെ തത്ത്വജ്ഞാനം വിശുദ്ധഖുർആൻ വിവരിച്ചിട്ടുള്ളതാണ്. അത് ഹ: മസീഹ് മൗഊദ് (അ) അല്ലാഹുവിൽ നിന്ന് അറിവ് കരസ്ഥമാക്കി നമ്മുടെ മുമ്പാകെ വിശദീകരിച്ച് പറഞ്ഞു തന്നിരിക്കുകയാണ്. ഇതു സംബന്ധമായി ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ മറ്റു ചില ഹൃസ്വമായ നിർദ്ദേശങ്ങളുണ്ട്. ദു:ആയെക്കുറിച്ചും ദു:ആയുടെ യാഥാർത്ഥത്തെക്കുറിച്ചും അറിയാനുള്ള മാർഗ്ഗങ്ങളാണ് അതിലുള്ളത്. ആ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഒരു വ്യക്തിക്ക് ദൈവസാമീപ്യം കരസ്ഥമാക്കാനും ദു:ആയുടെ യാഥാർത്ഥ്യം അറിയാനും സാധിക്കുന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) തന്റെ ഒരു സദസ്സിൽ പറയുന്നു: "ദു:ആ സ്വീകാര്യതക്കായി മനുഷ്യൻ തന്നിൽ ഒരു പരിശുദ്ധ മാറ്റം വരുത്തേണ്ടതും അനിവാര്യമാണ്. തിന്മയിൽ നിന്നും രക്ഷപ്പെടാൻ കഴിയാതിരിക്കുകയും അല്ലാഹുവിന്റെ അതിർവരമ്പുകളെ ലംഘിക്കുകയും ചെയ്യുകയാണെങ്കിൽ ദു:ആയിൽ ഒരു സ്വാധീനവും ഉണ്ടാവുകയില്ല."

ഹ: മസീഹ് മൗഊദ് (അ) മറ്റൊരവസരത്തിൽ പറഞ്ഞു: "അല്ലാഹുവുമായുള്ള ബന്ധത്തിന് ഒരു തരം ലയനം ആവശ്യമാണ്. ഈ ഒരവസ്ഥയിൽ എത്തിച്ചേരാൻ നാം നമ്മുടെ ജമാഅത്തിനോട് വീണ്ടും വീണ്ടും ഉപദേശിച്ചു കൊണ്ടിരിക്കുകയാണ്. ഏതുവരെ ഭൗതികയിൽ നിന്നുള്ള വിഛേദനവും ഭൗതികസ്നേഹം തന്നതുകൊണ്ട് അല്ലാഹുവിന്നായി മനുഷ്യപ്രകൃതത്തിൽ സ്വയമൊരു ആവേശവും വിലയം പ്രാപിക്കലും ഉണ്ടായിത്തീരുന്നില്ലയോ അതുവരെ സ്ഥിരത കരസ്ഥമാകുന്നതല്ല. ദൈവവും മനുഷ്യനുമായുള്ള ബന്ധം നിലനിർത്തുന്നതിനും അതിനെ ശക്തിപ്പെടുത്തുന്നതിനും സ്വയമൊരു താത്പര്യം ഉണ്ടായിത്തീരേണ്ടതാണ്. അതുകൊണ്ട് ഈ പ്രകൃതിദത്തമായ താത്പര്യം ഉണ്ടാക്കുവാനും അല്ലാഹുവിലേക്ക് എപ്പോഴും ശ്രദ്ധ തിരിക്കാനും നാം എപ്പോഴും പരിശ്രമിക്കേണ്ടതാണ്. ഈ ഒരു താത്പര്യം ഉണ്ടാകുന്നതും അല്ലാഹുവിന്റെ കൃപയോടുകൂടിയാണ്. ദു:ആ ചെയ്യുന്നതിലൂടെയാണ് ഇതും ലഭിക്കുന്നത്."

മറ്റൊരു സ്ഥലത്ത് പറയുന്നു: "അല്ലാഹുവിന്റെ സവിധത്തിലേക്ക് തിരിഞ്ഞുകൊണ്ട് ദു:ആ ചെയ്യുമ്പോൾ അതിൽ അത്യത്ഭുതമായ സ്വാധീനം ഉണ്ടാകുന്നു. എന്നാൽ ദു:ആയുടെ സ്വീകാര്യതയും ദൈവത്തിൽ നിന്നാണ് കരഗതമാകുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ദു:ആ സ്വീകാര്യതക്കും ഒരു സമയമുണ്ട്. ഏതു പോലെ പ്രഭാത സമയത്തിന് ഒരു പ്രത്യേകതയുണ്ടോ ആ പ്രത്യേകത മറ്റു സമയങ്ങൾക്കില്ല. ഇതു പോലെ ദു:ആക്കും ചില അവസരങ്ങളുണ്ട്. അതിൽ സ്വീകാര്യതയും സ്വാധീനവും ഉണ്ടാകുന്നു."

മനുഷ്യൻ ഒരു ജോലി പ്രഭാത സമയത്ത് ഉന്മേശത്തോടെ തുടങ്ങുന്നു. അതിന്റെ നല്ല ഫലങ്ങളും പ്രകടമാകുന്നു. എന്നാൽ ഇക്കാലത്ത് ചിലർ രാത്രി ദീർഘനേരം ഇന്റർനെറ്റിന്റെയോ ടി.വി യുടെയോ മുമ്പിൽ ഇരുന്നുകൊണ്ടും അതല്ലെങ്കിൽ മറ്റു ഭൗതിക പ്രവർത്തിയിൽ മുഴുകിയും രാത്രിയിൽ അവർ വൈകി ഉറങ്ങുന്നു. രാത്രിയിൽ ഉറക്കം അവർക്ക് മതിയാകുന്നില്ല. എന്നാൽ പ്രഭാതത്തിൽ പകുതി മയക്കത്തിൽ എഴുന്നേൽക്കുന്നു. ആ അവസ്ഥയിൽ നമസ്കരിച്ചാൽ തന്നെ എന്ത് നമസ്കാരമായിരിക്കും. മറ്റു പ്രവർത്തനങ്ങളിൽ എന്ത് ബർക്കത്ത് ഉണ്ടാകാനാണ്. ഓരോരുത്തരും അവർ ഭൗതിക പ്രവർത്തികൾ ചെയ്യുന്നവരാണെങ്കിൽകൂടി തങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുവാനായി നവോന്മേഷത്തോടെ പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നു. അതു മുഖേന

പൂർണ്ണ ശ്രദ്ധയോടുകൂടി അവർക്ക് പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. അതിന്റെ സദ്ഫലങ്ങൾ പ്രകടമാകുന്നതാണ്. പറയുന്നു: “നിങ്ങളുടെ ദു:ആ സ്വീകാര്യതയുടെ അവസരം ഏതാണെന്നും നിങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. ദു:ആ സ്വീകാര്യതയുടെ ആ അവസ്ഥ എപ്പോഴാണ് ഉണ്ടായിത്തീരുന്നതെന്നും അന്വേഷിക്കേണ്ടതാണ്.”

ഹ : മസീഹ് മൗഊദ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു: “പ്രയാസത്തിന്റെ നാളുകളിൽ ഭയപ്പെടുന്നതുപോലെ സമാധാനാവസ്ഥയിൽ ഭയപ്പെടുന്ന വ്യക്തിയിൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുമാറാകട്ടെ. സമാധാനകാലത്ത് അല്ലാഹുവിനെ മറക്കാത്തവനെ പ്രയാസങ്ങളുടെ കാലത്ത് അല്ലാഹുവും മറന്നു കളയുകയില്ല. എന്നാൽ സമാധാനകാലം സുഖാഢംഭരങ്ങളിൽ തള്ളിനീക്കുകയും പ്രയാസകാലത്ത് ദു:ആ ചെയ്യുകയും ചെയ്യുന്നവന്റെ ദു:ആ സ്വീകരിക്കപ്പെടുന്നതല്ല. ദൈവിക ശിക്ഷ ഇറങ്ങാൻ തുടങ്ങുമ്പോൾ പശ്ചാത്താപത്തിന്റെ കവാടം കൊട്ടിയടക്കപ്പെടുന്നതാണ്. ദൈവ ശിക്ഷ ഇറങ്ങുന്നതിനു മുമ്പേ ദു;ആയിൽ മുഴുകയും ദാന ധർമ്മങ്ങൾ നൽകുകയും ദൈവകൽപ്പനകളെ പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ദൈവസൃഷ്ടികളോട് ദയയോടെ പെരുമാറുകയും ചെയ്യുന്നവർ സൗഭാഗ്യവാനാണ്. അവൻ തന്റെ പ്രവർത്തനങ്ങളെ ഭംഗിയാക്കി നിർവ്വഹിക്കുകയും ചെയ്യുന്നു. സൗഭാഗ്യത്തിന്റെ ലക്ഷണങ്ങൾ ഇവയെല്ലാമാണ്. വൃക്ഷം അതിന്റെ ഫലം കൊണ്ട് തിരിച്ചറിയപ്പെടുന്നതുപോലെ സൗഭാഗ്യവാനേയും ദുഷ്ടനേയും തിരിച്ചറിയുവാനും എളുപ്പമാണ് ”

നല്ല വ്യക്തിയുടെ സദ്പ്രവർത്തികൾ മധുരഫലം പോലെയാണ്. അത് നല്ല രുചിയുള്ളതായിരിക്കും. അത് രുചിച്ചുകൊണ്ട് അതിന്റെ മരം നല്ലതാണെന്ന് എല്ലാവർക്കും അറിയാൻ കഴിയും. എന്നാൽ ദുഷ്ടന്റെ പ്രവർത്തനം ദൈവത്തിന്റെ കടമ നിറവേറ്റുന്നതോ സൃഷ്ടികളുടെ കടമകൾ നിറവേറ്റുന്നതോ ആയിരിക്കില്ല. അത് കയ്പ്പുള്ളതും ദുർഗന്ധമുള്ളതുമായ ഫലം പോലെയായിരിക്കും.

അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനെ കുറിച്ച് കൂടുതൽ അറിവ് നമുക്കുണ്ടായിത്തീരാനാണ് ഈ ഉദ്ധരണികൾ ഞാൻ കേൾപ്പിച്ചത്. അതോടൊപ്പം ദു:ആ ചെയ്യേണ്ട രീതിയും ശൈലിയും നമുക്കറിയാനും നമ്മുടെ സംസ്കരണത്തിലേക്ക് ശ്രദ്ധ തിരിക്കാനും നല്ലതും ചീത്തതും വേർതിരിച്ചറിഞ്ഞ് സദ്പ്രവർത്തിയിലേക്ക് ശ്രദ്ധിക്കു ന്നവരും പ്രാർത്ഥനയുടെ യഥാർത്ഥമാർഗ്ഗം അവലംഭിച്ചു കൊണ്ട് നാം പ്രാർത്ഥിക്കുന്നവരായി മാറാനും അങ്ങനെ ദുൻയാവിലും ആഖിറത്തിലുമുള്ള ഹസനത്തുകൾ കരസ്ഥമാക്കുന്നവരിലും ഉൾപ്പെടുകയും ചെയ്യാനും വേണ്ടിയാണ് ഇതെല്ലാം കേൾപ്പിച്ചത്. അങ്ങനെ വ്യക്തിപരവും ജമാഅത്ത് തലത്തിലുമുള്ള ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിൽ അല്ലാഹുവിന്റെ കൃപാ കടാക്ഷത്തിന് നാം അർഹരായിത്തീരുന്നതിനും വേണ്ടിയാണ്.

തിരുനബി(സ)യുടെ യഥാർത്ഥ പ്രേമിയെ അംഗീകരിക്കുകയും കാലഘട്ടത്തിന്റെ ഇമാമിന്റെയും വാഗ്ദത്ത മഹ്ദീ മസീഹിന്റെയും സൈന്യത്തിൽ ഉൾപ്പെടുകയും ചെയ്ത ഒരു വിശ്വാസി മനസ്സിലാക്കിയിരിക്കേണ്ട സുപ്രധാന വിഷയമാണിത്. ഈ കാര്യങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നാം പരിശ്രമിക്കേണ്ടതാണ്. ഇതു മുഖേനയാണ് യഥാർത്ഥ വിശ്വാസിയാരാണെന്നും വിശ്വാസത്തിന്റെ പൊള്ളയായ വാദം ഉന്നയിക്കുന്നവർ ആരെന്നും വേർതിരിച്ചറിയുകയുള്ളൂ.

വിശുദ്ധ ഖുർആൻ വിവിധ സ്ഥലങ്ങളിൽ ദു:ആ എന്ന വിഷയം പ്രതിപാദിച്ചിട്ടുണ്ട്. അത് ഉൾകൊള്ളാൻ നാം ശ്രമിക്കേണ്ടതാണ്. അതിന് നമുക്ക് ഹ: മസീഹ് മൗഊദ് (അ)ന്റെ വീക്ഷണകോണിലൂടെ ഇതിനെയെല്ലാം കാണേണ്ട അവശ്യമുണ്ടെന്ന് ഞാൻ പറയുന്നത് അതിനാണ്. ഇതു മുഖേന ദു:ആയുടെ രീതിയും അതിന്റെ തത്ത്വവും മനസ്സിലാക്കികൊണ്ട് ദു:ആയിലേക്ക് ശ്രദ്ധിക്കുന്നവരായി നാം മാറണം. ദു:ആയിൽ ശ്രദ്ധിക്കുന്നവർ മാത്രമായാൽ പോരാ ഫലപ്രദമായ പ്രാർത്ഥനക്കായി പരിശ്രമിക്കുന്നവരുമായി മാറേണ്ടതാണ്. ദു:ആയുടെ ഫലം പ്രകടമാകുന്നതരത്തിൽ ദു:ആ ചെയ്യുന്നവരായി നാം മാറണം. ഇതില്ലാത്ത ജീവിതം അർത്ഥശൂന്യമാണ്.

ഫലപ്രദമായ ദു:ആ മനുഷ്യന് തന്റെ ജീവിതം സാക്ഷാത്കാരത്തിന് അനിവാര്യമാണ്. നാം ആരാധിക്കേണ്ടതിന്റെയോ അവനോട് യാചിക്കേണ്ടതിന്റെയോ ആവശ്യം അല്ലാഹുവിനില്ല. അല്ലാഹുവിന്റെ കൽപനപ്രകാരം ദു:ആ ചെയ്യേണ്ടതിന്റെ ആവശ്യം, ഫലം നൽകുന്ന പ്രാർത്ഥനയുടെ ആവശ്യം നമുക്കാണുള്ളത്. അവൻ നിരാശ്രയനാണ്. അതുകൊണ്ടാണ് തിരുനബി(സ)യോട് ഇപ്രകാരം വിളമ്പരപ്പെടുത്തുവാനായി അല്ലാഹു പറയുന്നത്. നീ ഇപ്രകാരം പ്രഖ്യാപിക്കുക.

قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَاؤُكُمْ

അവരോട് പറയുക, നിങ്ങൾ ദു:ആ ചെയ്യുന്നില്ലെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വില വെക്കാനാണ്.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു: “ മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നവനാണ് യഥർത്ഥ ഭക്തൻ. എന്നാൽ ഈ ആയത്തിൽ അതിനെ ഒന്നുകൂടി വിശദീകരിച്ചു പറഞ്ഞിരിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ നാഥനെ വിളിച്ചു പ്രാർത്ഥിക്കുന്നില്ലെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വില വെക്കാനാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഭക്തദാസനെ അവൻ വിലമതിക്കുന്നു എന്നാണ്.”

അതിനാൽ അല്ലാഹുവുമായി നാം ബന്ധം സ്ഥാപിക്കണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ, നമ്മുടെ സദുദ്ദേശ്യങ്ങളെ പൂർത്തീകരിക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ശത്രുക്കളുടെ പരാജയദൃശ്യം കാണണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമുക്ക് യഥാർത്ഥ ഭക്ത ദാസരായിത്തീരുന്നതിലേക്കും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതിനായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമുക്കെല്ലാവർക്കും ശരിയായ ഭക്തദാസരായിത്തീരാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. ആ ഒരാത്മാവ് അല്ലാഹു നമ്മിൽ ഉണ്ടാക്കട്ടെ. അങ്ങനെ ശത്രുക്കളുടെ മോശമായ പര്യവസാനം കാണുന്നവരായി നാം മാറട്ടെ.

ഇക്കാലത്ത് ശത്രുക്കൾ അതിരുകളെയെല്ലാം അതിലംഘിച്ച രീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് തങ്ങളുടെ ഹൃദയത്തിൽ ശത്രുതയും വിദ്വേഷവും പകയും കുത്തിനിറച്ചിരിക്കുകയാണ്. പാക്കിസ്ഥാനിലും ഇന്ത്യയിലെ ചില പ്രദേശങ്ങളിലും അവർക്ക് സ്വാധീനമുള്ള മുസ്‌ലിം

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ആക്ഷേപിക്കുന്നവർ വളരെ തരംതാണ പ്രവർത്തികൾ ചെയ്യുകയുണ്ടായി. ഇതു സംബന്ധമായി ചിലർ എനിക്ക് കത്തയക്കാറുണ്ട്. പത്രങ്ങളിലും ചിലപ്പോൾ വാർത്തയായി വരാറുണ്ട്. അവ ഇവിടെ എനിക്ക് വിവരിക്കാൻപോലും കഴിയാത്തതാണ്. എന്തു മാത്രം നീചമായ പ്രവർത്തിയാണ് ഇവരുടേത്. എത്ര ലജ്ജാകരമായ ചിന്താഗതിയാണ് ഇവരുടേത്? കാലഘട്ടത്തിലെ ഇമാമിനോടാണ് ഈ രീതിയിൽ ശത്രുത വെക്കുന്നത്. പാക്കിസ്ഥാനിലെ പൊതു ജനങ്ങളിൽ ഭൂരിഭാഗവും നിർവികാരമുള്ളവരായി മാറിയിരിക്കുന്നു. അതല്ലെങ്കിൽ ഭയചകിതരാണ്. ഇന്ത്യയിലെ ചില പ്രദേശങ്ങളിലും അവസ്ഥ ഇതു തന്നെ. ഇതെല്ലാം കണ്ടിട്ടും ഇവരാരും പാഠം ഉൾകൊള്ളുന്നില്ല. ഈ നാമധാരികളായ ഇസ്ലാം സ്നേഹികളെന്ന് പറയുന്നവർക്ക് ഇത്ര മാത്രം നിന്ദ്യത അനുഭവിക്കേണ്ടിവരുന്നത് ദൈ വത്തിന്റെ വരിഷ്ടദാസനോട് പുലർത്തുന്ന ശത്രുത കാരണമായാണ്. ഈ കാര്യത്തിൽ മാത്രം ചിന്തിക്കുകയാണെങ്കിൽ ഇതു തന്നെ അവർക്ക് പാഠം ഉൾകൊള്ളാൻ മതിയാകുന്നതാണ്.

എന്നാൽ ലോകത്തിന്റെ മറ്റു രാജ്യങ്ങളിൽ ഞാൻ പറഞ്ഞതു പോലെ ആഫ്രിക്കയിലും ശത്രുതയുണ്ട്. അവിടെ മുസ്ലിംകൾ തങ്ങളുടെ ഉലമാവർഗ്ഗത്തിന്റെ തരംതാണ അവസ്ഥ കാണുമ്പോൾ അവർ അഹ്മദിയ്യത്തിലേക്ക് തിരിയുന്നു. പല പ്രദേശത്തും ഇത് നടക്കുന്നുണ്ട്. ആഫ്രിക്കയിൽ അഹ്മദിയ്യത്ത് വ്യാപിച്ചതു തന്നെ ജനങ്ങൾ അവരുടെ മൗലവിമാരുടെ അവസ്ഥ കണ്ടുകൊണ്ട് ശരിയായ ദീൻ അന്വേഷിച്ച് അത് കണ്ടെത്തുകയാണ് ചെയ്തത്. അവരുടെ നാമധാരികളായ ഉലമാ വർഗ്ഗത്തിൽ നിന്നും പാഠം ഉൾകൊള്ളാനും സത്യം അന്വേഷിക്കാനുമുള്ള ധൈര്യം അവരിലുണ്ട്.

ഏതായിരുന്നാലും അഹ്മദികളോട് എനിക്ക് പറയാനുള്ളത് അഹ്മദിയ്യത്തിന്റെ എതിരാളികളുടെ ദുഷ്ടത്തരത്തിലും നിർലജ്ജമായ പ്രവർത്തിയിലും അസ്വസ്ഥരാകരുത്. കഴിഞ്ഞ ദിവസം പാക്കിസ്ഥാനിൽ നിന്ന് ഒരു അഹ്മദി എനിക്കെഴുതുകയുണ്ടായി. 'ഞങ്ങളുടെ പ്രദേശത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള എതിർപ്പ് വളരെ ശക്തമാണ്. ശത്രുക്കൾ ഏതു തരംതാണ പ്രവൃത്തിയും ചെയ്യാൻ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഫോട്ടോ വികൃതമാക്കുകയും അതേപോലെ ഫോട്ടോയോടൊപ്പം വളരെ നിന്ദാ വചനങ്ങൾ എഴുതികൊണ്ട് ഞങ്ങളുടെ ഹൃദയത്തെ ഇവർ കുത്തിമുറിക്കുകയാണ്. ഈ അജ്ഞത കണ്ട് സഹിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഹൃദയം പൊട്ടിക്കീറുമോ എന്ന് ഭയക്കുന്നു. വളരെ നീചമായ പോസ്റ്ററുകളാണ് അവർ ചുമരുകളിൽ പതിക്കുന്നത്. അത് എത്ര മാത്രം അശ്ലീലം നിറഞ്ഞതാണെന്നാൽ അനഹ്മദികളുടെ ചുമരുകളിൽ ഒട്ടിച്ച ആ പോസ്റ്ററുകൾ കണ്ട് സഹിക്കാൻ കഴിയാത്ത അവരിൽ ചിലർ പോലും അത് നീക്കുകയുണ്ടായി. ഈ പോസ്റ്ററുകൾ കാണുമ്പോൾ അറിയാതെ പൊട്ടികരഞ്ഞു പോകുന്നു.'

ക്ഷമയോടും ദു:ആയോടും പ്രതീകരിക്കാൻ ഞാൻ അവർക്കും കത്തയക്കുകയുണ്ടായി. ശത്രുക്കൾ കൂക്കു വിളിയിലും പരിഹാസ്യങ്ങളിലും മുന്നോട്ട് കുതിക്കുന്ന സന്ദർഭങ്ങളിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നത് ഗോപ്യനായ നമ്മുടെ പ്രിയനിൽ

ആഫ്രിക്കൻ രാജ്യങ്ങളിലെ ചില പ്രദേശങ്ങളിലും നാനാതരത്തിലുമുള്ള മ്ലേചഛരത അവരിൽ നിന്നും പ്രകടമായി കൊണ്ടിരിക്കുകയാണ്. ഇതിന്റെ മുൻനിരയിൽ നാമധാരികളായ പാക്കിസ്ഥാൻ മുല്ലാ വർഗ്ഗം തന്നെയാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്നെതിരിൽ അത്യധികം നീചവും നിർലജ്ജവുമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ മാർഗ്ഗവും അവർ അവലംഭിക്കുന്നുണ്ട്. ഇവ്വിധ പ്രവർത്തനങ്ങളിലൂടെ അഹ്മദികളുടെ ഹൃദങ്ങളെ കൊത്തിനുറുക്കി കൊണ്ടിരിക്കുകയാണവർ. അഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സ്നേഹിക്കുന്നതും അദ്ദേഹത്തോട് കൂറ് പുലർത്തുന്നതും എല്ലാം തന്നെ ആ മഹാത്മാവ് തിരുനബി (സ) യുടെ ഏറ്റവും വലിയ പ്രേമിയായതു കൊണ്ടാണ്. അഹ്മദികളിൽ ആരോപിക്കപ്പെടുന്ന കുറ്റം ഇതാണ്. ഈ കൂറിന്റെയും സ്നേഹത്തിന്റെയും ബന്ധം അഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് വെക്കുന്നത് ഇക്കാലത്ത് തിരുനബിയോടുള്ള യഥാർത്ഥ പ്രേമം നമ്മുടെ ഹൃദയങ്ങളിൽ ഇട്ടു തന്നത് ആ മഹാത്മാവായതു കൊണ്ടാണ്. യഥാർത്ഥ തൗഹീദ് എന്താണെന്നും അതിന്റെ പൊരുൾ എന്താണെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ് ഇക്കാലത്ത് നമുക്ക് പഠിപ്പിച്ചുതന്നത്.

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള ശത്രുത കാരണം തങ്ങളുടെ അതിക്രമത്തിൽ അതിരു കടക്കുന്നവർ പോരിനു പുറപ്പെടുന്നത് തിരുനബി (സ) യുടെ യഥാർത്ഥ പ്രേമിയോടും അല്ലാഹുവിന്റെ തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന വ്യക്തിയോടുമാണ്. അല്ലാഹു പരിഗണിക്കുന്ന വ്യക്തിയോടാണ് ഇവർ പോരിന് പുറപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതു പോലെ ഭക്തദാസരെ അല്ലാഹു വിലമതിക്കുന്നതാണ്. ഇക്കാലത്ത് മസീഹ് മൗഊദ് (അ) നേക്കാളും വലിയ ആബിദ് മറ്റാരുമില്ല. ഭൂതകാലത്തും ശത്രുക്കളുടെ ദൈവകോപത്താലുള്ള പര്യവസാനം നാം കണ്ടതാണ്. ഇക്കാലത്തും നാം കണ്ടുകൊണ്ടിരിക്കുന്നു. പാക്കിസ്ഥാനിലും ഇങ്ങനെയുള്ള എത്രയോ സംഭവങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. അശ്ലീലങ്ങൾ തൊടുത്തുവിടുന്ന പലരേയും അല്ലാഹു എങ്ങനെയാണ് പിടിച്ചു ശിക്ഷിച്ചതെന്ന് പലർക്കും പാഠമായിത്തീർന്നിട്ടുണ്ട്. പാക്കിസ്ഥാനിലും ഈ അടയാളങ്ങൾ കാണുന്നുണ്ട്. ഞാൻ ഈ സംഭവങ്ങൾ നടന്ന വ്യക്തികളുടെ പേരുകൾ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. അശ്ലീലങ്ങൾ തൊടുത്തു വിടുന്നവരെ അല്ലാഹു പിടിച്ച് ശിക്ഷിക്കുകയുണ്ടായി. ഇവർ പലരീതിയിൽ ആരോപണങ്ങൾ ഉന്നയിക്കുന്നവരാണ്. ഇവർ ജനങ്ങളുടെ മുമ്പിൽ വലിയ ഭക്തരായി ഗണിക്കപ്പെട്ടവരായിരുന്നു. അങ്ങനെയുള്ളവർ വലിയ ആരോപണങ്ങൾക്ക് വിധേയരായി, ആരോപണങ്ങൾക്ക് വിധേയരാകുക മത്രമല്ല വലിയ കുറ്റകൃത്യങ്ങളിൽ അകപ്പെട്ടുകൊണ്ട് അവരെ വലിയ ഭക്തരാണെന്ന് ധരിച്ചു വെച്ചിരുന്ന ജനങ്ങൾ തന്നെ അവരെ അപമാനിതരാക്കികൊണ്ട് ആ പ്രദേശത്ത് നിന്ന് ഓടിച്ചുവിട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മറ്റു രീതിയിൽ അല്ലാഹു അവരുടെ നിന്ദ്യത പ്രകടമാക്കി കൊണ്ട് അവരുടെ അനുയായി വൃന്ദത്തെ ലജ്ജിതരാക്കുകയും അഹ്മദികളുടെ വിശ്വാസത്തെ സുദൃഢപ്പെടുത്തുകയും ചെയ്തു.

ഗുപ്തമാകാനാണ്. ഈ പാഠം നാം മുമ്പിൽ വെക്കണം. പ്രാർത്ഥനയിൽ മുമ്പത്തേക്കാളുപരി ശക്തിചെലുത്തുകയും ചെയ്യുക. അല്ലാഹുവുമായി ബന്ധം ശക്തിപ്പെടുത്തികൊണ്ട് അവനിൽ ലയിച്ച് ചേരാനാണ് നമുക്ക് പാഠം നൽകിയിരിക്കുന്നത്. ഇക്കൂട്ടർ തങ്ങളുടെ മരണത്തെ സ്വയം മാടി വിളിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ വരിഷ്ടദാസരെ അവഹേളിക്കുന്നവർ എന്നും നശിച്ചുപോയിട്ടേ ഉള്ളു. ഇക്കൂട്ടരും തങ്ങളുടെ നീചപ്രവർത്തങ്ങളിൽ നിന്നും പിന്തിരിയുന്നില്ലെങ്കിൽ ലേഖ്റാമിനു മീതെ പ്രാർത്ഥനയുടെ വാൾ ചലിച്ചിരുന്നതു പോലെ അല്ലാഹുവിൽ നിന്ന് ഇവരുടെ മേൽ ആ വാൾ ചലിക്കുന്നതാണ്.

അതിനാൽ നിങ്ങളുടെ വേദനകളും ദു:ഖങ്ങളും അട്ടഹാസങ്ങളും അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കുക. അങ്ങനെയുള്ള ദുർവൃത്തരെ അല്ലാഹു മറ്റുള്ളവർക്ക് പാഠം ഉൾകൊള്ളുന്ന രീതിയിൽ നശിപ്പിക്കട്ടെ.

1904 ഏപ്രിൽ 19 ലെ ഒരു സദസ്സിൽ വെച്ച് ഹ:മസീഹ് മൗഊദ് (അ) പറയുകയുണ്ടായി: "ഞാൻ എന്റെ ജമാഅത്തിന് വേണ്ടിയും ഖാദിയാന് വേണ്ടിയും ദു:ആ ചെയ്യുകയായിരുന്നു. അപ്പോൾ ഇൽഹാം ഉണ്ടായി. ജീവിതത്തിന്റെ സാധാരണരീതിയിൽ നിന്നും വളരെ അകന്നു പോയിരിക്കുന്നു. **വ സഹ്ഹിഖ്ഹും തസ്ഹീഖാ.** പറയുന്നു: അവരെ നൂറുക്കിക്കളയുക എന്നത് എന്നോട് ബന്ധപ്പെടുത്തി പറഞ്ഞത് എന്തിനാണെന്ന് എന്റെ മനസ്സിൽ ചോദ്യച്ഛിന്നമായി വന്നു. അപ്പോൾ ഒരു വർഷം മുമ്പ് ബൈത്തുദ്ദുആയിൽ എഴുതിവെച്ച ആ ദു:ആയിലേക്ക് എന്റെ ദൃഷ്ടി പോയി. ആ ദു:ആ ഇതാണ്.

يَارَبِّ فَاسْمَعْ دُعَائِي وَمَزِّقْ أَعْدَائَكَ وَأَعْدَائِي
وَانْجِزْ وَعْدَكَ وَانْصُرْ عَبْدَكَ وَأَرِنَا أَيَّامَكَ
وَشَهِّرْ لَنَا حُسَامَكَ وَلَا تَذَرْ مِنَ الْكَافِرِينَ شَرِيْرًا

'എന്റെ നാഥാ! എന്റെ പ്രാർത്ഥന നീ കേൾക്കേണമേ. എന്റെ ശത്രുവിനെയും നിന്റെ ശത്രുവിനെയും തുണ്ടം തുണ്ടമാക്കേണമേ. നിന്റെ വാഗ്ദാനം പൂർത്തിയാക്കേണമേ. നിന്റെ ദാസനെ സഹായിക്കേണമേ ഞങ്ങളുടേ ദിനം നീ കാണിച്ചുതരേണമേ. ഞങ്ങൾക്കായി നിന്റെ വാൾ നീ ഊരിപ്പിടിച്ചാലും. നിഷേധികളായവരിൽ ഒരു ഉപദ്രവകാരിയേയും നീ വിട്ടേക്കരുതേ.' നിഷേധികൾ പലതുമുണ്ട്. എന്നാൽ ചില നിഷേധികൾ തങ്ങളുടെ നീചപ്രവർത്തനത്തിൽ അതിരുകടക്കുന്നവരായിരിക്കും. ഈ പ്രാർത്ഥന അവർക്കുള്ളതാണ്. പറയുന്നു : ദു:ആയിലേക്ക് ദൃഷ്ടി പോയതും അതോടൊപ്പം ഈ ഇൽഹാം ലഭിച്ചതിൽ നിന്നും മനസ്സിലായത് ഇത് എന്റെ ദു:ആ സ്വീകാര്യതയുടെ സമയമാണെന്നാണ്. തുടർന്ന് പറഞ്ഞു: അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവരുടെ വഴി യിൽ തടസ്സമായി നിൽക്കുന്നവരെ മാറ്റിക്കളയുക എന്ന അല്ലാഹുവിന്റെ നടപടി ക്രമമാണ് മുമ്പേ നടന്നുകൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ വലിയ ഫള്ലിന്റെ ദിനങ്ങളാണിത്. ഇത് കാണുമ്പോൾ അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ വിശ്വാസവും ദൃഢജ്ഞാനവും വർദ്ധിക്കുന്നു. അവൻ ഇത് ഏതെല്ലാം രീതിയിലാണ് പ്രകടിപ്പിക്കുന്നത്."

ഈ ദൃശ്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിനെ അല്ലാഹു കാണിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് ചീത്തവിളികളുണ്ടെങ്കിൽ മറുഭാഗത്ത് പുരോഗതികൾ തന്നനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ആ നാട്ടിൽ മാന്യന്മാരായവരുമുണ്ട്. പോസ്റ്ററുകൾ തങ്ങളുടെ ചുമരുകളിൽ നിന്ന് നീക്കിക്കളയുന്നവരും അവരിലുണ്ട്. എന്നാൽ അധികം പേരും ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറഞ്ഞതു പോലെ മിണ്ടാത്ത മാന്യന്മാരാണ്. മാന്യന്മാരാണെങ്കിൽ പ്രതികരിക്കാത്ത മാന്യന്മാരാണ്. എന്നാൽ വിദ്യാസമ്പന്നരായ ഒരു വിഭാഗം ഇംഗ്ലീഷ് പത്രങ്ങളിൽ ഈ നീചവും നിർലജ്ജവുമായ പ്രവർത്തങ്ങളെ പ്രതികരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ നാടിനെ രക്ഷിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് വെളിപാടു മുഖേന ലഭിച്ച ഈ ദു:ആയും നാം ചെയ്യേണ്ടതാണ്. അങ്ങനെ ഉപദ്രവകാരികൾ നശിപ്പിക്കപ്പെടുമാറാകട്ടെ. ഈ ഉപദ്രവകാരികളിൽ നിന്നും രാജ്യത്തെ മാന്യന്മാർ രക്ഷപ്പെടുമാറാകട്ടെ. പ്രത്യേകിച്ച് അഹ്മദികൾ ഇവരുടെ ഉപദ്രവത്തിൽ നിന്നും രക്ഷപ്പെടുമാറാകട്ടെ.

ഞാൻ പറഞ്ഞതു പോലെ ഓരോ അഹ്മദിയും ക്ഷമയോടും പ്രാർത്ഥനയോടും മുമ്പത്തേക്കാളുപരി ജീവിതം കഴിച്ചു കൂട്ടേണ്ടിയിരിക്കുന്നു. വിവിധ പട്ടണങ്ങളിലും പ്രദേശങ്ങളിലും ഈ ഉഗ്രവാദികളുടെ ഗൂഢ പദ്ധതികൾ ഉണ്ടായികൊണ്ടിരിക്കാറുണ്ട്. എന്നാൽ നമ്മുടെ ദൈവം **ഖൈറുൽ മാകിറീൻ** ആണ്. അവരുടെ പദ്ധതികളെ അവരിലേക്ക് തന്നെ തിരിച്ചയക്കുന്നവനാണ്. അവൻ തിരിച്ചയക്കുകയും ചെയ്യുന്നു. അവരുടെ ഭീകരമായ പദ്ധതികളിൽ നിന്നെല്ലാം നമ്മേ ഇതുവരെ സംരക്ഷിച്ചത് അവനാണ്. അതിനാൽ അല്ലാഹുവിന്റെ കോന്തലയെ ഒരിക്കലും വിടരുത്.

നിങ്ങളുടെ പ്രവർത്തനം അല്ലാഹുവിന്റെ കൽപ്പനക്കനുഗുണമാക്കി മാറ്റികൊണ്ട് എല്ലാവരും ഒരുമിച്ച് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക എന്ന് കുറച്ച് കാലമായി ഞാൻ ജമാഅത്തിനെ ഉണർത്തികൊണ്ടിരിക്കുന്നു. ഇങ്ങനെ ചെയ്താൽ കുറഞ്ഞ കാലത്തിനുള്ളിൽ വിപ്ലവം ഉണ്ടാകുന്നതാണ്. സ്ഥിരചിത്തതയോടു കൂടി പ്രാർത്ഥനയിൽ മുഴുകുന്നതിനെ കുറിച്ച് ഒരവസരത്തിൽ ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. "ദു:ആക്കും അതിന്റെ സ്വീകാര്യതക്കും ഇടയിലുള്ള കാലയളവിൽ ചില സന്ദർഭങ്ങളിൽ പരീക്ഷണങ്ങൾക്കുമേൽ പരീക്ഷണം വരുന്നു. നമ്മേ ക്ഷീണിപ്പിച്ചു കളയുന്ന പരീക്ഷണങ്ങൾ വരെ വരുന്നു. എന്നാൽ സ്ഥിര ചിത്തരും സദ്പ്രകൃതരുമായവർ ഈ പരീക്ഷണ കാലഘട്ടങ്ങളിൽ തങ്ങളുടെ നാഥന്റെ സഹായത്തിന്റെ സുഗന്ധം നുകരുന്നവരാണ്. ഇതിനുശേഷം സഹായം വരുമെന്ന് അവർ തങ്ങളുടെ ഉൾക്കാഴ്ച്ചയോടെ കാണുന്നു. ഈ പരീക്ഷണങ്ങൾ വരുന്നതിൽ അടങ്ങിയിരിക്കുന്ന ഒരു രഹസ്യം ദു:ആക്കായി ആവേശം ഉണ്ടാകുന്നു എന്നതാണ്. അസ്വസ്ഥതയും പരിഭവവും വർദ്ധിക്കുന്നതനുസരിച്ച് ആത്മാവിൽ ഉള്ളുരുക്കം വർദ്ധിച്ചു വരുന്നതാണ്. ഇത് ദു:ആ സ്വീകാര്യതയുടെ കാരണങ്ങളിൽ പെട്ടതാണ്. അതിനാൽ ഒരിക്കലും ഭയപ്പെടരുത്. അക്ഷമയും അസ്വസ്ഥതയും കാരണം തന്റെ നാഥനെ കുറിച്ച് ദുർധാരണ വെച്ചു പുലർത്തരുത്. എന്റെ ദു:ആ സ്വീകരിക്കപ്പെടുകയില്ലെന്നോ സ്വീകരിക്കപ്പെടു

ന്നില്ലെന്നോ ഒരിക്കലും ധരിക്കരുത്. അങ്ങനെയുള്ള ധാരണ ദു:ആ സ്വീകരിക്കുന്നവനാണെന്ന അല്ലാഹുവിന്റെ സിഫത്തിനെ നിഷേധിക്കലായി മാറും" ഇങ്ങനെയുള്ള കാര്യങ്ങൾ മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽ അവനറിയാതെ പ്രാർത്ഥന കേൾക്കുന്നവനാണെന്ന അല്ലാഹുവിന്റെ സിഫത്തിനെ നിഷേധിക്കുന്നവരായി മാറുന്നതാണ്.

അതിനാൽ സ്ഥിരചിത്തതയോടു കൂടി പ്രാർത്ഥിക്കുന്ന ശീലം നമ്മിൽ ഉണ്ടാക്കിത്തീർക്കുകയാണ് വേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണികളിലൂടെ ഞാൻ വിവരിച്ച ദു:ആയുടെ നിബന്ധനകളനുസരിച്ച് പ്രാർത്ഥിക്കുകയാണ് നാം ചെയ്യേണ്ടത്. അല്ലാഹുവിന്റെ വാക്ക് ഒരിക്കലും കളവാകില്ലെന്ന ഉറച്ച വിശ്വാസം നമുക്കുണ്ടായിത്തീരണം.

اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ദു:ആയെ അതിന്റെ നിബന്ധനകളോടു കൂടി ചെയ്യുക. ഞാൻ സ്വീകരിക്കുന്നതാണെന്ന് അല്ലാഹു പറയുമ്പോൾ നമ്മുടേത് സ്വീകരിക്കാതിരിക്കാൻ ഒരു പഴുതും ഇല്ല. എന്നാൽ സ്വീകാര്യതയുടെ കാര്യവും അല്ലാഹു തന്റെ കരങ്ങളിലാണ് വെച്ചിരിക്കുന്നത്. ഓരോ പരീക്ഷണ ഘട്ടവും നമ്മേ അല്ലാഹുവിലേക്ക് കുനിയുന്നവരാക്കി മാറ്റുകയാണെങ്കിൽ സ്വീകാര്യതയും നാം കാണുന്നതാണ്.

ഹ:മസീഹ് മൗഊദ് (അ)ന്റെ മറ്റൊരു ഉദ്ധരണികൂടി കേൾപ്പിക്കുകയാണ്. പറയുന്നു: "ക്ഷമയിൽ പരിപൂർണ്ണത കൈവരിക്കാത്തിടത്തോളം ദു:ആയിൽ നിന്നും ആരും തന്നെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതല്ല. സ്ഥിരചിത്തതയോടു കൂടി ദു:ആ ചെയ്തുകൊണ്ടേ ഇരിക്കേണ്ടതാണ്. അല്ലാഹുവിനെ കുറിച്ച് ഒരിക്കലും ദുർധാരണയോ ദുർഭാവനയോ വെച്ചുപുലർത്തരുത്. സർവ്വശക്തിപ്രഭാവങ്ങളുടെയും ശക്തി കേന്ദ്രമായി അവനെ കരുതുക. ദൃഢമായി വിശ്വസിക്കുകയും ക്ഷമയോടെ ദു:ആയിൽ മുഴുകുകയും ചെയ്യുക. ദു:ആ സ്വീകരിക്കുന്ന ഒരു സമയം വന്നുചേരുന്നതാണ്. അവൻ മറുപടി നൽകുകയും ചെയ്യുന്നതാണ്. ഈ ഉരുപ്പടി ഉപയോഗിച്ചവർ ഒരിക്കലും ദുർഭാഗ്യവാന്മാരോ ലക്ഷ്യം കാണാത്തവരോ ആയിട്ടില്ല. അവർ അവരുടെ ലക്ഷ്യം നേടുന്നവരായിത്തീരുന്നു. അല്ലാഹുവിന്റെ കഴിവുകളും ശക്തികളും അനന്തമാണ്. മനുഷ്യ സൃഷ്ടിപ്പിന്റെ പൂർത്തീകരണത്തിന് ഒരു നീണ്ട കാലാവധി അവൻ വെച്ചിട്ടുണ്ട്. അതിനെ അവൻ മാറ്റുകയില്ല. തനിക്ക് വേണ്ടി ഈ നിയമം മാറ്റണമെന്ന് ആരാണോ ആഗ്രഹിക്കുന്നത് അവൻ അല്ലാഹുവിന്റെ സവിധത്തിൽ ധിക്കാരവും അപമര്യാദയും കാണിക്കുകയാണ് ചെയ്യുന്നത്. ചിലർ അക്ഷമരായി പ്രവർത്തിക്കാറുണ്ട്. ചെപ്പടിവിദ്യക്കാരൻ കാണിക്കുന്നതു പോലെ എല്ലാം ഉടനടി ആകണമെന്ന് അവർ പ്രതീക്ഷിക്കുന്നു. എന്നാൽ എനിക്ക് പറയാനുള്ളത് ഒരാൾ അക്ഷമ കാണിക്കുകയാണെങ്കിൽ അവർക്ക് അല്ലാഹുവിന് എന്ത് നഷ്ടം വരുത്തിവെക്കാനാണ് സാധിക്കുക. അവൻ തനിക്ക് സ്വയം നഷ്ടം വരുത്തി വെക്കു കയാണ് ചെയ്യുക. അക്ഷമ കാണിച്ചു നോക്കുക. എവിടെ വരെ എത്തും എന്നറിയാമല്ലോ."

ഹ:യഅ്ഖൂബ്(അ)ന്റെ പ്രിയ മകൻ യൂസുഫ് (അ) സഹോദരന്മാരുടെ ഉപദ്രവം കാരണമായി അദ്ദേഹത്തിൽ നിന്ന് അകന്നു പോയപ്പോൾ അദ്ദേഹം 40 വർഷം വരെ മകനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അദ്ദേഹം ധൃതി കാണിച്ചിരുന്നെങ്കിൽ ഒരു ഫലവും പ്രകടമാകുമായിരുന്നില്ല. നാല്പത് വർഷം വരെ ദു:ആയിൽ മുഴുകിയിരുന്നു. അല്ലാഹുവിന്റെ ഖുദ്റത്തിൽ വിശ്വാസമർപ്പിച്ചു. അവസാനം 40 വർഷത്തിന് ശേഷം ആ പ്രാർത്ഥനകൾ യൂസുഫിനെ വലിച്ചു കൊണ്ടുവരികയുണ്ടായി. ഈ നീണ്ട കാലത്തിനിടയിൽ ആക്ഷേപിക്കുന്നവർ 'നീ യൂസുഫിന് വേണ്ടി വെറുതെ പ്രാർത്ഥിക്കുക'യാണെന്ന് പറഞ്ഞിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞത് നിങ്ങൾ അറിയാത്തത് അല്ലാഹുവിൽ നിന്ന് ഞാൻ അറിയുന്നു എന്നാണ്. എന്താണ് സംഭവിക്കുക എന്നതിനെ കുറിച്ച് അദ്ദേഹത്തിന് അറിവ് ലഭിച്ചിരുന്നില്ല. അദ്ദേഹം പറഞ്ഞത് اِنِّیْ لَاَجِدُ رِيْحَ يُوْسُفَ എന്നാണ്. ദു:ആയുടെ കാലം വളരെ ദീർഘിച്ചുപോയെന്ന് അറിയാമായിരുന്നു. ദു:ആ സ്വീകരിക്കപ്പെടുമായിരുന്നില്ലെങ്കിൽ അല്ലാഹു നേരത്തെ അറിവ് നൽകുമായിരുന്നു. എന്നാൽ ദു:ആയുടെ സമയം ദീർഘിപ്പിക്കുക എന്നത് തന്നെ സ്വീകരിക്കപ്പെടും എന്നതിന് തെളിവായിരുന്നു. മാന്യനായ വ്യക്തി യാചകനെ കുറേ നേരം ഇരുത്തി ഒന്നും നൽകാതെ പറഞ്ഞയക്കുകയില്ല. പിശുക്കനിൽ പിശുക്കനായ വ്യക്തി പോലും അങ്ങനെ ചെയ്യില്ല. യാചകനെ കുറേ നേരം തന്റെ കവാടത്തിൽ നിർത്തുന്ന വ്യക്തി അവസാനം എന്തെങ്കിലും നൽകുന്നു."

നമ്മുടെ ദു:ആകളും നാം അനുഭവിക്കുന്ന വേദനകളും നമ്മുടെ ഹൃദയത്തെ കീറിമുറിക്കുന്നതും ഒന്നും തന്നെ നമ്മുടെ വ്യക്തിപരമായ കാരണത്താലല്ല. കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചതു കൊണ്ടാണ് നാം അക്രമിക്കപ്പെടുന്നത്. അല്ലാഹുവിന്റെ വരിഷ്ട ദാസനേയും അവന്റെ പ്രിയനേയും ഇക്കാലത്ത് വിശ്വസിച്ചതുകൊണ്ടാണ് നാം മർദ്ദനത്തിന് വിധേയരാക്കപ്പെടുന്നത്. ഇതെല്ലാം നാം സഹിക്കുന്നത് അല്ലാഹുവിന് വേണ്ടിയാണ്. അവന് വേണ്ടി സഹിക്കുമ്പോൾ അവൻ നമ്മുടെ പ്രാർത്ഥനകളും തീർച്ചയായും കേൾക്കുന്നതാണ്. അവൻ കേൾക്കുന്നുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ വളർച്ച അല്ലാഹു നമ്മോടൊപ്പമുണ്ടെന്നതിനുള്ള പ്രത്യക്ഷ തെളിവാണ്.

ഞാൻ പറഞ്ഞതു പോലെ ശത്രുക്കളുടെ പദ്ധതികൾ വളരെ ഭീകരമാണ്. നാം അതിൽ നിന്നും രക്ഷപ്പെടുക എന്നത് അല്ലാഹുവിന്റെ കൃപയും കാരുണ്യവും ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളും കാരണമാണ്. അതോടൊപ്പം നമ്മുടെ വിശ്വാസദൃഢീകരണത്തിനായി ശത്രുക്കളുടെ പദ്ധതികൾ പല സ്ഥലത്തും അല്ലാഹു തകർത്തു കാണിക്കുകയും ചെയ്യുന്നു. പാക്കിസ്ഥാനിൽ മാത്രമല്ല ലോകത്ത് പല രാജ്യങ്ങളിലും എതിർപ്പുകളുണ്ട്. എന്നിട്ടും ജമാഅത്തിന്റെ വളർച്ച നിലച്ചു പോയിട്ടില്ല. യൂറോപ്പ്യൻ പാർലിമെന്റിൽ ഞാൻ പോയപ്പോൾ ഒരു പത്ര പ്രതിനിധി എന്നോട് ചോദിച്ചു. മറ്റു മുസ്‌ലിംകളെ അപേക്ഷിച്ച് നിങ്ങളുടെ സ്ഥാനം എന്താണ്. നിങ്ങളുടെ അംഗസംഖ്യ എത്രയാണ്? എത്ര സ്വാധീനം നിങ്ങൾക്കുണ്ട്? നമ്മുടെ അംഗസംഖ്യ ചോദിച്ചതിനു ശേഷം അതു പറഞ്ഞാൽ അദ്ദേഹം ഉടനെ ചോദിക്കുന്നത് നിങ്ങൾ ലോകത്തിന് നൽകാൻ ഉദ്ദേശിക്കുന്ന സ്നേഹത്തിന്റെയും ശാന്തിയുടേയും ഈ സന്ദേശം ഇത്ര ആളുകൾ മാത്രം ഉണ്ടായിരിക്കേ എന്ത് സ്വാധീനമാണ് ലോകത്ത് ചെലുത്തുക എന്നായിരിക്കും

എന്ന് ഉടനെ എന്റെ മനസ്സിൽ വരികയുണ്ടായി. അപ്പോൾ എനിക്ക് ഓർമ്മ വന്നത് ബ്രിട്ടനിൽ വെച്ച് ഒരു പത്ര പ്രതിനിധിക്ക് ഹ:ഖലീഫത്തുൽ മസീഹ് സാലിസ് നൽകിയ മറുപടിയാണ്. അന്ന് ചോദിച്ചിരുന്നത് നിങ്ങളുടെ അംഗസംഖ്യ എത്രയാണെന്നാണ് ? അദ്ദേഹം അന്ന് നൽകിയിരുന്ന മറുപടി ഇതായിരുന്നു. ഇന്നേക്ക് 93 വർഷങ്ങൾക്ക് മുമ്പ് ഒരാളായിരുന്നു. ഇപ്പോൾ ഒരു കോടിയുടെ അടുത്തെത്തിയിട്ടുണ്ട്. അടുത്ത ഭാവിയിൽ ഞങ്ങൾ എത്ര കണ്ട് വർദ്ധിക്കും എന്ന് കണക്കു കൂട്ടി നോക്കുക. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. 123 വർഷം ഇപ്പോൾ ജമാഅത്ത് പിന്നിട്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഞങ്ങൾ കോടിക്കണക്കിനുണ്ട്. നല്ല സ്വാധീനമുള്ള ഒരു സംഘമായി ഞങ്ങൾ ലോകത്തിന്റെ മുമ്പിൽ വരുന്ന ആ നാളുകളും വിദൂരമല്ല. ഞാൻ ഈ മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തോട് ചോദിച്ചു, ഇതായിരുന്നോ താങ്കൾ ഉദ്ദേശിച്ചത്. പറഞ്ഞു 'അതെ': എന്നാൽ നാം ഒരു കാര്യം മനസ്സിലാക്കിയിരിക്കണം. ഭൗതികമായ നേട്ടങ്ങൾക്കായിരിക്കില്ല നമ്മുടെ സ്വാധീനം നാം ഉപയോഗപ്പെടുത്തുന്നത്. മറിച്ച് അല്ലാഹുവിന്റെ അധികാരത്തെ ലോകത്ത് സ്ഥാപിക്കുന്നതിനും സ്നേഹവും സൗഹാർദ്ദവും ലോകത്ത് വ്യാപിപ്പിക്കുന്നതിനും വേണ്ടിയായിരിക്കും.

എതിരാളികളുടെ എതിർപ്പുകൾ നമ്മുടെ പ്രവർത്തനങ്ങളിൽ നിന്നും നമ്മേ നീക്കിക്കളയുമെന്നോ അത് നമ്മുടെ പുരോഗതിക്ക് തടസ്സമാകുമെന്നൊ ഉള്ള അസ്വസ്ഥതക്ക് ഒരു ഇടവുമില്ല. പുരോഗതി അല്ലാഹു നമുക്ക് കാണിച്ചു കൊണ്ടിരിക്കുകയാണ്. നമുക്ക് പുരോഗതി കാണിച്ചു തരിക മാത്രമല്ല. വരും ജീവിതത്തിൽ അല്ലാഹുവിന്റെ വരിഷ്ടരുമായി ചേർന്നുനിൽക്കുന്നവരുടെ അവസ്ഥയും അവരുടെ എതിരാളികളുടെ അവസ്ഥയും വിവരിച്ചു കൊണ്ട് നമുക്ക് ആശ്വാസവും സംതൃപ്തിയും പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഞാൻ പ്രാരംഭത്തിൽ ഓതിയ ആയത്തുകളിൽ ഈ ചിത്രമാണ് വരച്ചു കാട്ടുന്നത്.

പറയുന്നു: قَالُوْا رَبَّنَا غَلَبَتْ عَلَيْنَا شِقْوَتُنَا وَكُنَّا قَوْمًا ضَآلِّيْنَ ﴿١٠٧﴾

അവർ (എതിരാളികൾ) ഇപ്രകാരം പറയും. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളുടെ മേൽ വിജയിച്ചു. ഞങ്ങൾ വഴി പിഴച്ച ജനങ്ങളായിപ്പോയി.

رَبَّنَآ اَخْرِجْنَا مِنْهَا فَاِنْ عُدْنَا فَاِنَّا ظٰلِمُوْنَ ﴿١٠٨﴾

ഞങ്ങളുടെ നാഥാ! ഞങ്ങളെ ഇതിൽ നിന്നും പുറത്തെടുക്കേണമേ. അതായത് നരകത്തിൽ നിന്ന് ഞങ്ങളെ പുറത്താക്കേണമേ. ഇനിയും ഞങ്ങൾ അങ്ങനെത്തന്നെ ചെയ്യുന്നവരാണെങ്കിൽ ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും.

قَالَ اخْسَـُٔوْا فِيْهَا وَلَا تُكَلِّمُوْنِ ﴿١٠٩﴾

അവൻ പറയും: നിന്ദ്യരായികൊണ്ട് അതിലേക്ക് തന്നെ പോകുക. നരകത്തിൽ തന്നെ നിൽക്കുക. എന്നോട് നിങ്ങൾ മിണ്ടിപ്പോകരുത്.

اِنَّهٗ كَانَ فَرِيْقٌ مِّنْ عِبَادِيْ يَقُوْلُوْنَ رَبَّنَآ اٰمَنَّا
فَاغْفِرْ لَنَا وَارْحَمْنَا وَاَنْتَ خَيْرُ الرّٰحِمِيْنَ ﴿١١٠﴾

എന്റെ ദാസന്മാരിൽ ഒരു വിഭാഗക്കാർ ഇപ്രകാരം പറയുന്നവരുണ്ടായിരുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചു. അതിനാൽ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങൾക്ക് കരുണ ചെയ്യേണമേ. നീ കരുണചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ.

فَاتَّخَذْتُمُوْهُمْ سِخْرِيًّا حَتّٰٓى اَنْسَوْكُمْ ذِكْرِيْ
وَكُنْتُمْ مِّنْهُمْ تَضْحَكُوْنَ ﴿١١١﴾

അപ്പോൾ നിങ്ങൾ അവരെ പരിഹാസ പാത്രമാക്കി. അങ്ങനെ അവർ നിങ്ങൾക്ക് എന്റെ സ്മരണയെ മറപ്പിച്ചുകളഞ്ഞു. നിങ്ങൾ അവരെപറ്റി ചിരിക്കുകയായിരുന്നു.

اِنِّيْ جَزَيْتُهُمُ الْيَوْمَ بِمَا صَبَرُوْٓا اَنَّهُمْ هُمُ الْفَآئِزُوْنَ ﴿١١٢﴾

അവർ സ്ഥിരചിത്തരായിരുന്നത് കൊണ്ട് ഇന്ന് ഞാൻ അവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. തീർച്ചയായും അവരാണ് വിജയികൾ.

ശത്രുത വെക്കുകയും ജീവിതത്തിന്റെ രീതിയിൽ നിന്നും അകന്നിരിക്കുകയും ചെയ്യുന്നവരുടെ പര്യവസാനമാണിത്. പരലോകത്ത് ചെല്ലുമ്പോൾ, ഇവർക്ക് യാഥാർത്ഥ്യങ്ങൾ വെളിപ്പെടുമ്പോൾ അവർ പറയും ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ ഇവിടം വരെ എത്തിച്ചു എന്ന്. അതുകൊണ്ട്, അല്ലാഹുവെ ഒരു പ്രാവശ്യം ഞങ്ങളെ തിരിച്ചയക്കേണമേ എന്നവർ പറയും. ഇനി ഞങ്ങൾ ഒരിക്കലും ധിക്കരിക്കുകയില്ല. ഞങ്ങൾ അങ്ങനെ ചെയ്യുന്നതായാൽ ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും. എന്നാൽ അല്ലാഹു പറയും ഇത് എന്റെ നിയമമല്ല. ഇതു വരെ ചെയ്ത പ്രവർത്തനത്തിനുള്ള ശിക്ഷ ഇവിടെ അനുഭവിക്കുക. എന്റെ മുമ്പിൽ നിന്നും ദൂരെ പോകുക. നിങ്ങളുടെ വാസസ്ഥലം നരകം തന്നെയാണ്. ഇതിൽ പ്രവേശിക്കുക. നിങ്ങളുടെ ഒരു കാര്യവും ഒരു നിലവിളിയും കേൾക്കപ്പെടുന്നതല്ല. കാര്യങ്ങൾ കേൾക്കലും നിലവിളികൾ ശ്രദ്ധിക്കലുമെല്ലാം സജ്ജനങ്ങളുടേതാണ്. ഈ ലോകത്ത് അക്രമങ്ങൾ ചെയ്ത് പരലോകത്ത് വെച്ച് നിലവിളിച്ചാൽ അവിടെ ഒന്നും പരിഗണിക്കുന്നതല്ല. അല്ലാഹുവിന്റെ വരിഷ്ട ദാസരെ എതിർക്കുന്നവരുടെ അവസ്ഥയാണ് അല്ലാഹു ഇവിടെ വിവരിച്ചിരിക്കുന്നത്. തന്റെ ദാസൻ എപ്പോഴാണ് മാപ്പു ചോദിക്കുന്നതെന്ന് പ്രതീക്ഷിച്ചിരിക്കുന്ന ദൈവം ഇപ്പോൾ സമയം കഴിഞ്ഞെന്ന് പറഞ്ഞ് പരലോകത്ത് അവരെ ദൂരപ്പെടുത്തുന്നതാണ്. അവിടെ പ്രവർത്തനങ്ങളുടെ പരിണിത ഫലമാണ് ലഭിക്കുക. ഈ ലോകത്ത് നിങ്ങൾ ചെയ്ത പ്രവർത്തനങ്ങളുടെ ഫലം. എന്റെ ദാസരുടെ ഹൃദയത്തെ കുത്തി നുറുക്കിയ പ്രവർത്തനങ്ങൾ, എന്റെ ദീനിന്റെ മഹത്വം സ്ഥാപിക്കാനായി പ്രവർത്തിക്കുന്നവരോട് നിങ്ങൾ എടുത്ത നിലപാട്, എന്റെ പ്രവർത്തനത്തെ അവർ മുന്നോട്ട് നയിക്കാൻ തുടങ്ങിയപ്പോൾ നിങ്ങൾ അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തികൊണ്ടിരുന്നു. മറ്റുള്ളവരെ അവരുടെ കാര്യങ്ങൾ കേൾക്കുന്നതിൽ നിന്ന് തടയുകയും മാത്രമല്ല അവരെ അതിക്രൂരമായി മർദ്ദനത്തിന് വിധേയമാക്കുകയും എന്റെ പേരിലുള്ള കലിമ ചൊല്ലുന്നവരെ നിങ്ങൾ പരിഹാസത്തിന് പാത്രമാക്കുകയും അവരുടെ രക്തം കൊണ്ട് ഹോളി കളിക്കുക പോലും നിങ്ങൾ ചെയ്തു. അതുകൊണ്ട് ഇനി

ഇവിടെ എന്തിനാണ് മാപ്പ്. ഇനി നിങ്ങളുടെ ഒരു കാര്യവും കേൾക്കുന്നതല്ല. അതിനാൽ നിങ്ങളുടെ വാസസ്ഥലമായ നരകത്തിൽ പോയി ജീവിക്കുക. അല്ലാഹു പറയും എന്റെ ദാസർ എന്റെ കൽപനപ്രകാരം, എന്റെ വാഗ്ദാനപ്രകാരം വന്ന വരിഷ്ടദാസനിൽ വിശ്വസിച്ചവർ, അവർ എന്റെ കാരുണ്യത്തിന് ഇന്ന് അർഹരായിത്തീർന്നിരിക്കുകയാണ്. അവരുടെ കാര്യങ്ങളാണ് ഞാൻ കേൾക്കുക. എന്റെ പ്രീതിയുടെ സ്വർഗ്ഗത്തിൽ അവർക്ക് ഞാൻ ഇടം നൽകുന്നതാണ്. അവരോട് ലോകത്ത് ചെയ്തിരിക്കുന്ന അക്രമത്തിന് പകരം സ്നേഹത്തിന്റെ ദൃഷ്ടി ഞാൻ അവരിൽ പതിപ്പിച്ചുകൊണ്ട് അതിനുള്ള പ്രതിഫലം പരലോകത്ത് പലമടങ്ങ് വർദ്ധിപ്പിച്ചു നൽകുന്നതാണ്.

എന്റെ ദാസരെ അക്രമത്തിന് കുറിമാനമാകിയവരെ! അവരെ അക്രമിക്കുന്നതിലും പരിഹസിക്കുന്നതിലും നിങ്ങൾ മുഴുകിയത് കാരണം എന്നെ സ്മരിക്കുന്നത് പോലും നിങ്ങൾ മറന്നു പോയിരിക്കുകയാണ്. ഒരു വിശ്വാസിയെ മന:പൂർവ്വം വേദനിപ്പിക്കുന്നതും അവരെ വധിക്കുന്നതും നിങ്ങളെ നരകത്തിന്റെ തീ കുണ്ഡത്തിലേക്ക് കൊണ്ടു പോകുന്നതാണെന്ന കൽപന നിങ്ങൾ മറന്നു കളഞ്ഞു. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റണമെന്ന കല്പന നിങ്ങൾ മറന്നു കളഞ്ഞു. ദൈവത്തിന്റെ കൽപനകളെല്ലാം നിങ്ങൾ മറന്നതു കാരണം, അവനെ സ്മരിക്കുന്നതിൽ ശ്രദ്ധയില്ലാത്തതു കാരണം, അല്ലാഹുവിന്റെ കൽപനകളെ തങ്ങളുടെ ഇഷ്ടപ്രകാരം വളച്ചൊടിച്ചതുകാരണം എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. മർദ്ദിതരുടെ സ്വത്തുക്കൾ നിങ്ങൾ കൊള്ളയടിച്ചു. അത് കത്തിച്ച് ചാമ്പലാക്കി. അത് പിടിച്ചെടുത്തു. അവരുടെ വിവിധ സ്വത്തുക്കളെ തകർക്കാൻ ശ്രമിച്ചു. പങ്കാളിത്ത കച്ചവടമായിരുന്നെങ്കിൽ അവരുടെ പങ്ക് തിന്നു മുടിച്ചു. ചുരുക്കത്തിൽ നിങ്ങൾ ചെയ്ത അക്രമത്തിന്റെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. അതിനാൽ ഈ നരകം തന്നെയാണ് നിങ്ങൾക്ക് ശിക്ഷയായി വിധിക്കപ്പെട്ടിരിക്കുന്നത്.

ഇതാണ് വിശുദ്ധ ഖുർആൻ പറയുന്നത്, ഒരു രീതിയിലുമുള്ള ശിക്ഷാ ലഘൂകരണത്തെ കുറിച്ചോ, വിട്ടുവീഴ്ച്ചയെ കുറിച്ചോ, എന്നോട് ഒന്നും മിണ്ടണ്ട. തുടർന്ന് വിശ്വാസികളെ കുറിച്ചും പൊറുക്കലിനെ തേടുന്നവരെ കുറിച്ചും അല്ലാഹു പറയുന്നു. നിങ്ങളുടെ ക്ഷമയും സ്ഥിരതയും വിശ്വാസത്തിലുള്ള ദൃഢതയും എന്നോടുള്ള ബന്ധം കാരണം, എന്റെ മുമ്പിൽ കുമ്പിടുന്നതു കാരണം എന്റെ ദാസർ ആയതു കാരണം നിങ്ങൾ വിജയികളുടെ കൂട്ടത്തിൽ എന്നറിയപ്പെടുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമായിത്തീരുന്നവരാണ്. അല്ലാഹുവിന്റെ കരുണയും പൊറുക്കലും കരസ്ഥമാക്കുന്നവരാണ്. ഒരു വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വ്യത്യാസമാണ് ഈ ആയത്തുകളിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്. അല്ലാഹുവിന്റെ കാരുണ്യവും പൊറുക്കലും കരസ്ഥമാക്കുന്നവരിൽ അവൻ നമ്മേ ഉൾപ്പെടുത്തട്ടെ. നമ്മുടെ എല്ലാ തരത്തിലുമുള്ള കുറവുകളും പോരായ്മകളും അവൻ മറച്ചുവെക്കട്ടെ. സ്ഥിരചിത്തതയോടുകൂടി ദുആയിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുമാറാകട്ടെ. വിജയികളുടെ ഗണത്തിൽ നാമും എണ്ണപ്പെടുമാറാകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 March 15 at : Baitul Futuh London
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: Nasarudheen A T
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**